ദിവസര പ്രീ യൂണിവേഴ്സിറ്റി കോഴ്സ്

* 211. [53] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദിവസര പ്രീ യൂണിവേഴ്സിറ്റി കോഴ്സ് ഈ കൊല്ലത്തിൽ വിദ്യാഭ്യാസ വഷ്ത്തോടുകൂടി തുടങ്ങുവാൻ ഗവണ്മെന്റ് തീരുമാനിച്ച് കഴിഞ്ഞുവോ ;

(ബി) ഇതിനെത്തുടർന്ന് അനുവദിക്കേണ്ടതായ കോളേജുകളുടെ എണ്ണവും സ്ഥലവും തീരുമാനിച്ച് കഴിഞ്ഞുവോ;

(സി) എത്ര കോളേജുകൾ എവിടെയെല്ലാം തുടങ്ങുവാൻ ഉദ്ദേശിക്കുന്നു;

(ഡി) ദിവസര പ്രീ യൂണിവേഴ്സിറ്റി കോഴ്സിനു് എന്തെല്ലാം വിഷയങ്ങൾ പുതുതായി പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) യൂണിവേഴ്സിറ്റിയുടെ തീരുമാനം സ്വീകരിക്കുവാൻ തീരുമാനിച്ചുകഴിഞ്ഞു.

(ബി) ഇല്ല.

(സി) 'ബി' യുടെ ഉത്തരം നോക്കുക.

(ഡി) എന്തെല്ലാം വിഷയങ്ങളാണു് വേണ്ടതെന്നു് യൂണിവേഴ്സിറ്റി പരിഗണിച്ചു വരികയാണു്.

പ്രൈവറ്റ് ഹൈസ്കൂളുകളുടെ മെയിന്റനൻസ് ഗ്രാന്റ്.

* 212. [54] ശ്രീ. ഡി. ദാമോദരൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഡി. ഇ. ഓ. യുടെ അധികാര പരിധിയിൽ എത്ര പ്രൈവറ്റ് ഹൈസ്കൂളുകൾ ഉണ്ടു്.

(ബി) 1963- 64—ലെ മെയിന്റനൻസ് ഗ്രാന്റ് 1963—നവംബർ മാസത്തിനു് മുമ്പു് എത്ര സ്കൂളുകൾക്കു് കൊടുത്തിട്ടുണ്ടു്;

(സി) നവംബർ മാസത്തിനു് ശേഷം എത്തെല്ലാം സ്കൂളുകൾക്കു് കൊടുത്തിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 42 ഹൈസ്കൂളുകൾ.

(ബി, സി.) വിവരങ്ങൾ അടങ്ങുന്ന ഒരു † സ്റ്റേറ്റുമെന്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

സ്റ്റോറു ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റു വാങ്ങിയ ഡി. ഡി. റ്റി.

* 213. [55] ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റോറു് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ ബസ്സുകളുടേയും വെയിറ്റിംഗ്ഷെഡ്ഡുകളുടേയും ആഫീസുകളുടേയും ആവശ്യത്തിനായി ഡി. ഡി. റ്റി. വാങ്ങിയിരുന്നതു് ഇപ്പോൾ നിറുത്തൽചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പകരം മറ്റുവല്ലതും ഉപയോഗിക്കുന്നുണ്ടോ;

(സി) പകരം ഉപയോഗിക്കുന്നതു എന്താണു്; അതു് ഏതു കമ്പനിയിൽനിന്നാണു വാങ്ങിക്കുന്നതു്;

† Appendix VII.

LIBRARY ARCHIVES Kerala Legislative Assembly